3. ചിട്ടിയിൽ നിന്ന് ഒരു ചിറ്റാളന് അനുവദിക്കുന്ന ആകെ ലോണിന്റെ പരിധി 5 ലക്ഷം രൂപയിൽ നിന്ന് 25 ലക്ഷമായും വായ്പയുടെ പരിധി 5 ലക്ഷം രൂപയിൽ നിന്ന് 25 ലക്ഷമായും ഉയർത്തിയിട്ടുണ്ട്.

4. ചിട്ടി ബിസിനസ് വികസനത്തിനായി ഏജൻസി വ്യവസ്ഥ വിപുലപ്പെടുത്തുകയുണ്ടായി. ഇപ്പോൾ ചിട്ടി പദ്ധതിയിൽ വരിക്കാരെ ചേർക്കാനും ചിട്ടിപ്പണം വീട്ടുപടിക്കൽ വന്നു ശേഖരിക്കുന്നതിനുമായി ഏകദേശം 3000 ചിട്ടി കൃാൻവാസിംഗ് ഡോർകളക്ഷൻ ഏജന്റുമാർ കെ.എസ്.എഫ്.ഇ. ക്കു വേണ്ടി കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു.

5. പൊന്നോണ ചിട്ടികൾ, പ്രവാസി ബന്ധു ചിട്ടികൾ എന്നീ ചിട്ടി കൃാമ്പയിനുകളിലൂടെ കെ.എസ്.എഫ്.ഇ. ചിട്ടി ബിസ്സിനസിൽ വൻ വർദ്ധനവ് ഉണ്ടാകുകയും ഈ ബിസ്സിനസിലൂടെ കമ്പനി സമാഹരിച്ച വരുമാനത്തിന്റെ 20% വരെ ചിട്ടി ഇടപാടുകാർക്ക് തന്നെ വിവിധതരം സമ്മാനങ്ങളായി പങ്കുവയ്ക്കുകയുമുണ്ടായി.

6. ചിട്ടി പദ്ധതി കൂടാതെ ധനസേവന മേഖലയിലുള്ള എല്ലാ വായ്പ സംബന്ധമായ സേവനങ്ങളും സൗകര്യങ്ങളും കെ.എസ്.എഫ്.ഇ. നൽകി വരുന്നു.

7. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 102 ശാഖകൾ പുതുതായി ആരംഭിച്ചു. ഇപ്പോൾ കേരളത്തിൽ ഉടനീളം കെ.എസ്. എഫ്.ഇ. ക്ക് 368 ശാഖകളുണ്ട്. കെ.എസ്.എഫ്.ഇ. പദ്ധതികൾ കൂടുതൽ ജന വിഭാഗങ്ങളിൽ എത്തിച്ച് സുതാര്യവും വിശ്വസനീയവുമായ സമ്പാദ്യ വായ്പാ പദ്ധതികളുടെ പ്രയോജനം അവരിൽ എത്തിക്കാനാണ് ഇതിനോടു ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിച്ചത്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ആഴ്ചതോറും ഓരോ പുതിയ ശാഖ തുറന്നു പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇക്കാര്യത്തിൽ പ്രവർത്തനങ്ങൾ നടന്നുപോന്നത്.

8. കെ.എസ്.എഫ്.ഇ. യുടെ പ്രവർത്തനവും പൊതുജന സേവനവും ത്വരിതപ്പെടുത്തുന്നതിനു വേണ്ടി എല്ലാ ശാഖകളും കമ്പ്യൂട്ടർ വൽക്കരിക്കുന്ന നടപടി പൂർത്തിയായി വരുന്നു.

കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനങ്ങൾ ജനോപകാരപ്രദമാക്കാൻ നടപടി

182(1439) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.യിൽ ചിട്ടി ലഭിക്കുന്ന തുക ആ ബ്രാഞ്ചിൽത്തന്നെ സ്ഥിരനിക്ഷേപമായി വയ്ക്കുമ്പോൾ ചിട്ടി പിടിച്ച കക്ഷി

LIBRARY ARCHIVES Kerala Legislative Assembly

ജാമ്യം നൽകേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമാകത്തക്കനിലയിൽ പരിഷ്ക്കാരങ്ങൾ വരുത്തുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.യിൽ ചിട്ടി ലഭിക്കുന്ന തുക മറ്റു ജാമ്യമൊന്നും കൂടാതെ ആ ശാഖയിൽത്തന്നെ സ്ഥിരനിക്ഷേപമായി വയ്ക്കുന്ന പതിവുണ്ട്. പ്രസ്തുത തുക ചിട്ടിയുടെ മേൽ ബാദ്ധ്യതയ്ക്ക് തികയാതെ വരുന്ന സാഹചര്യങ്ങളിലാണ് ബാക്കി വരുന്ന തുകയ്ക്കുള്ള ചെക്കോ മറ്റേതെങ്കിലും ജാമ്യമോ സ്വീകരിക്കേണ്ടി വരുന്നത്. ഇത്തരം ബാക്കി വരുന്ന ബാദ്ധ്യത തീരുന്ന മുറയ്ക്ക് ഇപ്രകാരം ഉള്ള ജാമ്യം പിൻവലിക്കാവുന്നതാണ്.

ചിട്ടിപ്പണ നിക്ഷേപം മേൽ ബാദ്ധ്യതയ്ക്ക് തികയാതെ വരുന്ന ചിട്ടികൾ മുടക്ക് വരുമ്പോൾ പ്രസ്തുത നിക്ഷേപം തീർപ്പാക്കി ചിട്ടി അക്കൗണ്ട് അവസാനിപ്പിക്കാൻ പറ്റാത്ത സാഹചര്യങ്ങൾ കൂടി കണക്കിലെടുത്താണ് മുകളിൽ പറഞ്ഞ പ്രകാരം തികയാതെ വരുന്ന ബാദ്ധ്യതയ്ക്ക് മറ്റു ജാമ്യം സ്വീകരിക്കണമെന്ന വ്യവസ്ഥ ഉണ്ടാക്കിയത് പ്രസ്തുത വ്യവസ്ഥ ഒഴിവാക്കുന്നത് ആശാസ്യമല്ലാത്തതുകൊണ്ട് ഇപ്പോൾ പരിഗണനയിലില്ല. എങ്കിലും കമ്പനി സ്വീകരിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ പലിശ വീണ്ടും വർദ്ധിക്കുന്ന സാഹചര്യത്തിൽ ചിട്ടിപ്പണ നിക്ഷേപത്തിൽ ജാമ്യം നിജപ്പെടുത്തുന്നത് ആലോചിക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്. എഫ്.ഇ. യുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരമാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

കെ.എസ്.എഫ്.ഇ. യുടെ പ്രധാന പദ്ധതിയായ ചിട്ടികൾ എല്ലാ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായി ആൾ ജാമ്യവ്യവസ്ഥയിൽ ഗണ്യമായ ഉദാരവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. സ്വയം തൊഴിൽ കണ്ടെത്തി ജീവിതം നയിക്കുന്ന ചെറിയ വരുമാനക്കാർ, പ്രൊഫഷണൽസ്, വ്യാപാരികൾ, ആദായ നികുതിദായകർ എന്നിവർക്കും ചിട്ടികളിൽ ജാമ്യം നിൽക്കാനുള്ള സൗകര്യം ഉണ്ട്. ഉദ്യോഗസ്ഥ ജാമ്യ വ്യവസ്ഥകളിൽ, ശമ്പളത്തിനു പുറമേ വയസ്സ്, വിദ്യാഭ്യാസയോഗ്യത, ആശ്രിതരുടെ എണ്ണം, പങ്കാളിയുടെ വരുമാനം സ്ഥാവരസ്വത്ത് തുടങ്ങിയ കാര്യങ്ങളെ അടിസ്ഥാനമാക്കി സ്കോറിംഗ് സമ്പ്രദായം വഴി ജാമ്യത്തിന്റെ പരിധി ഉയർത്താനുള്ള സൗകര്യം ഉണ്ട് വസ്തു ഈടായി സ്വീകരിക്കാനുള്ള ചിട്ടി ബാദ്ധ്യതയുടെ പരിധി 25 ലക്ഷം രൂപയിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഒരുകോടി രൂപയായി വർദ്ധിപ്പിച്ചു. വിപണിയിലെ വിലയ്ക്കനുസൃതമായ നിർണ്ണയം ഉറപ്പാക്കാൻ മൂല്യനിർണ്ണയത്തിൽ പ്രാവീണ്യമുള്ള വാല്യുവർമാരെയും ഉൾപ്പെടുത്തുന്ന രീതി നടപ്പിലാക്കി. കൂടാതെ വസ്തുവിന്റെ അംഗീകൃത വില ബാദ്ധ്യതയ്ക്ക് തികയാതെ വരുന്ന സാഹചര്യങ്ങളിൽ ബാദ്ധ്യതയിൻമേൽ 10% വരെ ഇളവു ചെയ്യാറുമുണ്ട്.

1 ചിട്ടിയിൽ നിന്ന് ഒരു ചിറ്റാളന് അനുവദിക്കുന്ന ആകെ ലോണിന്റെ പരിധി 5 ലക്ഷം രൂപയിൽ നിന്ന് 25 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

2. ചിട്ടി ബിസിനസ് വികസനത്തിനായി ഏജൻസി വ്യവസ്ഥ വിപുലപ്പെടുത്തുകയുണ്ടായി. ഇപ്പോൾ ചിട്ടി പദ്ധതിയിൽ വരിക്കാരെ ചേർക്കാനും ചിട്ടിപ്പണം വീട്ടുപടിക്കൽ വന്നു ശേഖരിക്കുന്നതിനുമായി ഏകദേശം 3000 ചിട്ടി കളക്ഷൻ ഡോർകളക്ഷൻ ഏജന്റുമാർ കെ.എസ്.എഫ്.ഇ.ക്ക് വേണ്ടി കമ്മീഷൻ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു.

3. പൊന്നോണ ചിട്ടികൾ, പ്രവാസി ബന്ധു ചിട്ടികൾ എന്നീ ചിട്ടി കുടുംബങ്ങളിലൂടെ കെ.എസ്.എഫ്.ഇ.യ്ക്ക് ചിട്ടി ബിസ്സിനസിൽ വൻ വർദ്ധനവ് ഉണ്ടാകുകയും ഈ ബിസ്സിനസിലൂടെ കമ്പനി സമാഹരിച്ച വരുമാനത്തിന്റെ 20% വരെ ചിട്ടി ഇടപാടുകാർക്ക് തന്നെ വിവിധതരം സമ്മാനങ്ങളായി പങ്കുവയ്ക്കുകയുമുണ്ടായി.

4. ചിട്ടി പദ്ധതി കൂടാതെ ധനസേവന മേഖലയിലുള്ള എല്ലാ വായ്പ സംബന്ധമായ സേവനങ്ങളും സൗകര്യങ്ങളും കെ.എസ്.എഫ്.ഇ. നൽകി വരുന്നു. പലിശ നിരക്കും വ്യവസ്ഥകളും ലളിതമാക്കി.

5. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 102 ശാഖകൾ പുതുതായി ആരംഭിച്ചു. ഇപ്പോൾ കേരളത്തിൽ ഉടനീളം കെ.എസ്. എഫ്.ഇ. ക്ക് 368 ശാഖകളുണ്ട്. കെ.എസ്.എഫ്.ഇ. പദ്ധതികൾ കൂടുതൽ ജന വിഭാഗങ്ങളിൽ എത്തിച്ച് സുതാര്യവും വിശ്വസനീയവുമായ സമ്പാദ്യ വായ്പാ പദ്ധതികളുടെ പ്രയോജനം അവരിൽ എത്തിക്കാനാണ് ഇതിനോടു ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിച്ചത്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ആഴ്ചതോറും ഓരോ പുതിയ ശാഖ തുറന്നു പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ യാണ് ഇക്കാര്യത്തിൽ പ്രവർത്തനങ്ങൾ നടന്നുപോന്നത്.

6. കെ.എസ്.എഫ്.ഇ. യുടെ പ്രവർത്തനവും പൊതുജന സേവനവും ത്വരിതപ്പെടുത്തുന്നതിനു വേണ്ടി എല്ലാ ശാഖകളും കമ്പ്യൂട്ടർ വൽക്കരിക്കുന്ന നടപടി പൂർത്തിയായി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly